# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5344

01.07.2014- ലെ മറുപടിക്ക്

**മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കൽ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. സി രവീന്ദ്രനാഥ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെട്ടതിനു ശേഷം വായ്പാത്തുക തിരിച്ചടയ്ക്കാൻ കഴിയാതെ കുടുംബങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത്തരക്കാർക്ക് വായ്പതിരിച്ചടയ്ക്കാൻ സഹായകരമാകുന്ന രീതിയിൽ നിലവിൽ പദ്ധതികൾ ഉണ്ടോയെന്ന് അറിയിക്കുമോ; | (ബി) ഉണ്ട്. |
| സി) എങ്കിൽ എന്തെല്ലാം പദ്ധതികളാണെന്നുള്ളതിന്റെ വിശദവിവരം നൽകുമോ? | (സി) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാദ്ധ്യത തുക എഴുതിത്തള്ളുന്നതിനായി " കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി " എന്ന പേരിൽ ഒരു പദ്ധതി 1.4.2008 മുതൽ പ്രാബല്യത്തിലുണ്ട്. കേരള സഹകരണ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പ്രസ്തുത റിസ്ക് ഫണ്ട് പദ്ധതിയുടെ നിബന്ധനയിൽ മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ ബാദ്ധ്യതയിലെ 75000/- രൂപാ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതി തള്ളുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി 30.3.2012 ന് ഭേദഗതി വരുത്തിയിട്ടുണ്ട്. വായ്പ സഹകരണ |

സംഘങ്ങളിൽ നിന്നും കാർഷിക- കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുക യാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള (ഇപ്പോൾ 1½ ലക്ഷം (ഒന്നര ലക്ഷം) രൂപാ മുതലും അതിന്റെ പലിശയും) വായ്പാ ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നതാണ് " കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി"യുടെ ഉദ്ദേശ്യ ലക്ഷ്യം. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്. വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകുമ്പോൾ വായ്പാ തുകയുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50/- രൂപയും പരമാവധി 375/- രൂപയും വായ്പക്കാരൻ വായ്പത്തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, സംഭാവന എന്നിവയും ഉൾപ്പെടുന്ന കോർപസ് ഫണ്ട് ഉപയോഗിച്ചാണ് റിസ്ക് ഫണ്ട് ധനസഹായം നൽകുന്നത്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട ആളുടെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പി ക്കേണ്ടതായുണ്ട്.

**സെക്ഷൻ ഓഫീസർ**